പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 196 18.03.2013-ൽ മറുപടിയ്ക്ക്

കായികനയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.പി.എ.മാധവൻ | | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കായികനയം പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. 29.10.2012 -ലെ സ.ഉ.(കൈ)നം.32/12/കാ.യു.വ നം. പ്രകാരം സമഗ്രമായ ഒരു കായികനയം 'സ്പോർട്സ് പോളിസി - 2012 ' പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | നയത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ് ; | (ബി) | അനുബന്ധം -A ആയി ചേർക്കുന്നു |
| (സി) | നയത്തെ അടിസ്ഥാനമാക്കി നിയമം കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (സി) & (ഡി) | നിലവിലെ നിയമത്തിൽ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | ഇത് സംബന്ധിച്ച് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

[redacted]

അനുബന്ധം - A

ദേശീയ/അന്തർ ദേശീയ തലങ്ങളിൽ കായിക രംഗത്ത് മികവ് നേടുന്നതിനും, 'എല്ലാപേർക്കും സ്പോർട്സ്, എല്ലാപേർക്കും ആരോഗ്യം' എന്ന തത്ത്വത്തെ അടിസ്ഥാനമാക്കി സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ആരോഗ്യകരമായ ജീവിത ശൈലി പ്രോത്സാഹിപ്പിയ്ക്കുന്നതിനും കായിക മത്സര വേദികളിൽ പ്രഥമ ശ്രേണിയിൽപ്പെട്ട തുടിയ്ക്കുന്ന ശക്തിയായി കേരളത്തെ വളർത്തുന്നതിനും കായിക രംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിയ്ക്കുന്നതിനും കായിക രംഗത്തെ മികവിനെ പ്രോത്സാഹിപ്പിയ്ക്കുന്നതിനും ഉതകുന്നതാണ് 'കായിക നയം 2012'. കായിക താരമാണ് കായിക രംഗത്തിന്റെ കേന്ദ്ര കഥാപാത്രം എന്നംഗീകരിച്ചുകൊണ്ടുള്ള നൂതന കാഴ്ചപ്പാടാണ് ഈ നയത്തിന്റെ ഗൈഡിങ്ങ് ഫാക്ടർ.

ഇപ്രകാരമുള്ള "കായിക നയം 2012" ന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.

1. എല്ലാ കേരളീയർക്കും സ്പോർട്സിൽ ഭാഗഭാക്കുകളാകുന്നതിന് തുല്യ അവസരമൊരുക്കുക
2. കായിക രംഗത്തെ മികവിനെ പ്രോത്സാഹിപ്പിക്കുക
3. സ്പോർട്സിനു വേണ്ടി ഉയർന്ന നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾവികസിപ്പിച്ച് അവ പരമാവധി പ്രയോജനപ്രദമായി വിനിയോഗിക്കുക.
4. കൂടുതൽ കായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനവും, പരിശീലനവും പ്രദാനം ചെയ്ത് സഹായിക്കുക
5. യൂണിവേഴ്സിറ്റികൾ ഉൾപ്പെടെയുള്ളവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്പോർട്സിനായുള്ള അടിസ്ഥാന സൗകര്യം വിപുലീകരിക്കുന്നതിന് ഊന്നൽ നൽകുക.
6. സദാചാരപരവും ധാർമ്മികവുമായ മൂല്യങ്ങളും സ്പോർട്സ്മാൻഷിപ്പിന്റെ ഊർജ്ജവുംസൗഹൃദവും സ്വാംശീകരിക്കുന്നതിലൂടെ ഒരു കായിക സംസ്കാരം വാർത്തെടുക്കുകയും അതുവഴി കൂടുതൽ മികവ് നേടാൻ യുവജനങ്ങളെ തത്പരരാക്കുക.
7. കേരളീയർക്ക് ചുരുങ്ങിയതോതിലുള്ള കായികക്ഷമത എങ്കിലും കൈവരിക്കുന്നതിന്സഹായകമാകുന്ന ഒരു ചാലകമായി സ്പോർട്സിനെ പ്രയോജനപ്പെടുത്തുക.
8. കായിക പ്രതിഭകൾക്ക് ഈ രംഗത്ത് കൂടുതൽ മികവ് കൈവരിക്കുന്നതിന് അംഗീകാരവും പാരിതോഷികവും നൽകുക.
9. അംഗപരിമിതരുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അവരെ കൂടി സ്പോർട്സിലും ഗെയിംസിലും ഭാഗഭാക്കുകളാക്കുക.
10. കേരളത്തിൽ സാഹസിക സ്പോർട്സ് (Adventure Sports) ന് പ്രചാരം നൽകുക.
11. ഒളിമ്പിക് ചാർട്ടറിന്റെ സത്തയെ ബഹുമാനിച്ചു കൊണ്ട് കായിക രംഗത്തിന് സ്വയംഭരണ സ്വാതന്ത്ര്യം ഉറപ്പുവരുത്തുക.

12. സംസ്ഥാന സ്പോർട്സ് അസോസിയേഷനുകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

13. സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്ക് അവയുടെ കായിക രംഗത്തെ പ്രവർത്തനം ഉച്ചസ്ഥായിയിൽ എത്തിക്കുന്നതിനൊപ്പം അതിനായി വേണ്ട വിഭവശേഷിക്കായി സംസ്ഥാന സർക്കാരിനെ പൂർണ്ണമായി ആശ്രയിക്കുന്നതൊഴിവാക്കാൻ പ്രേരിപ്പിക്കുന്ന തരത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന സുസ്ഥിരമായ സാമ്പത്തിക സഹായം ഉറപ്പാക്കുക.

14. സ്പോർട്സിനാവശ്യമായ അടിസ്ഥാന സൗകര്യവികസനം, പരിശീലനം, കായിക മത്സരങ്ങളുടെ സംഘാടനം എന്നീ രംഗങ്ങളിൽ സ്വകാര്യ കോർപറേറ്റ് സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് കായിക രംഗത്തിന്റെ അടിത്തറ വികസിപ്പിക്കുക.

ഇതിന്റെ ഭാഗമായി കേരളത്തിൽ കായിക രംഗത്തിന്റെ ഭരണ നിർവ്വഹണ രംഗത്ത് നിലവിലുള്ള സംവിധാനത്തിൽ ആവശ്യമായ പുനഃസംഘടന നടപ്പാക്കുന്നതിനും, നിലവിലുള്ള നിയമങ്ങളും, ചട്ടങ്ങളും പരിഷ്കരിയ്ക്കുന്നതിനും ഈ നയം വ്യവസ്ഥ ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ